നഹാസ് മാള

# ആർത്തിയും സ്ഥാനമോഹവും

عَنْ كَعْبِ بْنِ مَالِك رَضِيَ الله عَنْهُ عَنِ النَّبِيّ ﷺ : مَا ذِئْبَانِ جَائِعَانِ أُرسِلاَ فِي غَنَمٍ بِأَفْسَدَ لَهَا مِنْ حِرْصِ المَرْءِ عَلَى المَالِ وَ الشَّرَفَ لِدِينِه

**കഅ്ബുബ്നു മാലിക്(റ)ൽ നിന്ന്. റസൂൽ(സ) പറഞ്ഞു: "ധനത്തോടും സ്ഥാനമാനങ്ങളോടുമുള്ള മനുഷ്യന്റെ ആഗ്രഹം അവന്റെ ദീനിനു വരുത്തുന്ന നാശം, ആട്ടിൻ കൂട്ടത്തിൽ അഴിച്ചുവിട്ട, വിശന്നു വലഞ്ഞ രണ്ടു ചെന്നായക്കൾ വരുത്തുന്ന നാശത്തേക്കാൾ അധികമാണ്."** (തുർമുദി)

**ആർത്തിമൂത്ത** ലോകത്താണ് മനുഷ്യനിന്ന്. മോഹങ്ങളുടെ താഴ്വരയിലാണ് അവൻ കൂടൊരുക്കി പാർക്കുന്നത്. ഐഹികജീവിതത്തിന് മാറ്റ് കൂട്ടാൻ വേണ്ടി മനുഷ്യൻ ഏത് വിധേനയും കരസ്ഥമാക്കാൻ കൊതിക്കുന്ന രണ്ട് കാര്യങ്ങളെയാണ് ഹദീസ് വിശകലനം ചെയ്യുന്നത്.

സമ്പത്തും സ്ഥാനമാനങ്ങളും നിയന്ത്രണങ്ങൾക്കും പരിധിക്കുമപ്പുറത്തേക്ക് മനുഷ്യനെ കൂട്ടിക്കൊണ്ടു പോവുന്നു. ധനത്തിനും സ്ഥാനത്തിനും വേണ്ടി കൊല്ലാനും കൊല്ലിക്കാനും വരെ അവൻ തയാറാകുന്നു. സൂക്ഷിച്ച് മാത്രം ഒരു വിശ്വാസി കൈയാളേണ്ടവയാണ് ഇവയെന്ന് ഹദീസ് സൂചിപ്പിക്കുന്നു.

എങ്ങനെയാണ് സമ്പത്തിനോടും സ്ഥാനമാനങ്ങളോടുമുള്ള ആർത്തി ദീനീ ജീവിതത്തിന് ക്ഷതമേൽപ്പിക്കുക? വിശ്വാസിയായി നിലകൊള്ളുമ്പോഴും ഇവ രണ്ടിനോടുള്ള അതീവ താൽപര്യം വ്യാപകമായ വിപത്താണ് ക്ഷണിച്ചു വരുത്തുന്നതെന്ന് പ്രവാചകൻ അറിയിച്ചിട്ടുണ്ട്. പല സ്വഹാബികളെയും രാഷ്ട്രത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വിവിധ ദൗത്യങ്ങൾ ഏൽപിച്ച പ്രവാചകനെ സമീപിച്ച് ഒരിക്കൽ അബൂദർറ്(റ) പറഞ്ഞു, എന്നെയും അപ്രകാരം നിയോഗിക്കണം പ്രവാചകരേ. പ്രവാചകൻ പ്രതികരിച്ചതിങ്ങനെ: "ഹേ, അബൂദർറ്, താങ്കൾ കരുതുന്ന സ്ഥാനമാനങ്ങൾ അമാനത്താണ്. കൃത്യമായി അവ നിർവഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഖിയാമത്ത് നാളിൽ നിന്ദ്യതയും ദുഃഖവുമായിത്തീരുമത്."

സമ്പത്തും പദവിയും ഒത്തുചേരുന്ന സന്ദർഭങ്ങൾ അനവധിയുണ്ട്. കഴിവും പ്രാപ്തിയുമുള്ളവർ പദവികൾ അലങ്കരിക്കേണ്ടിടത്ത് സമ്പത്തിന്റെ ആധിക്യത്താൽ ചിലർക്ക് പിൻവാതിൽ നിയമനങ്ങൾ നടക്കുന്നു. ബോഡികളിലും കമ്മിറ്റികളിലും സ്ഥാനമുറപ്പിക്കാൻ വൈജ്ഞാനിക യോഗ്യതയേക്കാളേറെ 'സമ്പന്നത' ഏറ്റവും വലിയ ഘടകമായി വർത്തിക്കുന്നത് കാണാം.

പ്രശസ്തിയുടെയും ധനപ്പെരുപ്പത്തിന്റെയും കൂടെപ്പിറപ്പാണ് ലോകമാന്യം. പ്രവാചകൻ പറഞ്ഞു: "ലോകമാന്യം കൊതിക്കുന്നവരുടെ ലക്ഷണം മൂന്നാണ്- ആളുകളോടൊപ്പമാണെങ്കിൽ ഉന്മേഷം കാണിക്കുക, ഒറ്റക്കായാൽ അലസത കാട്ടുക, എല്ലാകാര്യങ്ങളിലും ജനങ്ങളുടെ പ്രശംസ ആഗ്രഹിക്കുക." ഇതിന്റെ ഗുരുതര പ്രത്യാഘാതത്തെ ഉണർത്തുകയും ചെയ്തു റസൂൽ(സ).

സ്ഥാനമോഹം സകല ദുർവികാരങ്ങൾക്കും വഴിതെളിയിക്കുമെന്ന് ഇമാം ഗസ്സാലി തന്റെ *ഇഹ്യാ ഉലൂമിദ്ദീനിൽ* സൂചിപ്പിക്കുന്നു: "ദൈവ കോപത്തിന് വഴിയൊരുക്കുന്നത് മനുഷ്യൻ തന്റെ സഹജീവികളോട് പുലർത്തുന്ന വിദ്വേഷവും കോപവുമാണ്. അതിലേക്ക് അവരെ നയിക്കുന്നതോ, പദവിയും സ്ഥാനമാനങ്ങളും ലക്ഷ്യമാക്കി നടക്കുന്ന ശീലമാണ്. ആരേയും ഗൗനിക്കില്ല അവർ, ദൈവത്തെ പോലും."

രണ്ടു ചെന്നായ്ക്കൾക്ക് ആട്ടിൻ കൂട്ടത്തിൽ നിന്ന് ഒന്നോ രണ്ടോ ആടുകളെ മാത്രമേ ഉപദ്രവമേൽപ്പിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ *ആർത്തിയും സ്ഥാനമോഹവും* അതിനെക്കാൾ വലിയ പരിക്കും നഷ്ടവുമാണ് നമ്മുടെ ജീവിതത്തിലേൽപിക്കുന്നത്. ദീനിനെ പൂർണമായി തന്നെ അവ പിഴുതെറിയും.

ഹസന്റെ(റ) വാക്കുകളിലേക്ക്: "ദുൻയാവിന്റെ സ്ഥാനമാനങ്ങൾക്കായി ഒരാൾ നിന്നോട് മത്സരിച്ചാൽ, ആഖിറത്തിലെ സ്ഥാനലബ്ധിക്കായി അവനോട് നീ മത്സരിക്കുക." ■